പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.3484 | 22/08/2017 ൽ മറുപടിക്ക് |
|---|---|

**ഭക്ഷ്യ സുരക്ഷ പരിശോധനാ ലബോറട്ടറികളിലെ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലെ നിയമനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.കെ.ബഷീർ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷ പരിശോധനാ ലബോറട്ടറികളിലെ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയുടെ ചുമതലകൾ, നിയമന യോഗ്യത, അഭിലഷണീയ യോഗ്യത ഇവ എന്തെല്ലാമാണെന്ന് വ്യക്തമാക്കമോ; | എ) | സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷ പരിശോധന ലബോറട്ടറികളിലെ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയുടെ ചുമതലകൾ റിസർച്ച് ഓഫീസറിന്റെ നിർദ്ദേശപ്രകാരമുള്ള അനാലിസിസ് നടത്തുക, റിപ്പോർട്ടുകൾ ജൂനിയർ റിസർച്ച് ഓഫീസർക്കോ, റിസർച്ച് ഓഫീസർക്കോ നൽകുക എന്നിവയാണ്.ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയുടെ നിയമന യോഗ്യത ബി.എസ്.സി കെമസ്ട്രി, ഫുഡ് ടെക്നോളജി ഡിപ്ലോമ യിലുള്ള രണ്ടാം ക്ലാസ്സ് ബിരുദവുമാണ്. |
| ബി) | കേരളത്തിലെ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും പ്രസ്തുത യോഗ്യതകൾ നേടുവാൻ സാധിക്കും എന്ന് അറിയിക്കുമോ ; | ബി) | കേരള സർവകലാശാല അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പ്രസ്തുത യോഗ്യതകൾ നേടുവാൻ സാധിക്കും |
| സി) | മൈസൂരിലെ കേന്ദ്രപ്രതിരോധ മന്ത്രാലയ ത്തിന്റെ ഡി.എഫ്.ആർ.എൽ. എന്ന സ്ഥാപനവും മൈസൂർ യൂണിവേഴ്സിറ്റിയും അംഗീകരിച്ച് നടത്തുന്നതും കെമിസ്ട്രിയിലോ ബയോകെമിസ്ട്രിയിലോ ഉള്ള ബിരുദത്തിനശേഷം ചേരാവുന്നതുമായ ഭക്ഷ്യ പരിശോധനയ്ക്കായുള്ള പി.ജി. ഡിപ്ലോമ കോഴ്സ്, സംസ്ഥാന പി.എസ്.സി. പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന് അംഗീകരി ച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | സി) | നിലവിൽ ടി കോഴ്സ് സർക്കാർ അംഗീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| ഡി) | ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കോഴ്സ് അംഗീകരിക്കുന്നതിന് പ്രൊപ്പോസൽ നൽകാൻ ആരോഗ്യ വകുപ്പ് സെക്രട്ടറി ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് 2013 ൽ നിർദ്ദേശം നൽകിയിട്ടും നാളിതുവരെയായി ആയത് നൽകാത്തതിന് കാരണമെന്താണ്; വിശദീകരിക്കുമോ? | ഡി) | കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലുള്ള മൈസൂരിലെ ഡി.എഫ്.ആർ.എൽ എന്ന സ്ഥാപനവും മൈസൂർ യൂണിവേഴ്സിറ്റിയും അംഗീകരിച്ച് നടത്തുന്ന പി.ജി. ഡിപ്ലോമ കോഴ്സിന്റെ അംഗീകാരം സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി തീരുമാനപ്രകാരം ഭക്ഷ്യസുരക്ഷാകമ്മീഷണർ ടി കോഴ്സിന്റെ വിശദാംശങ്ങൾ മൈസൂർ യൂണിവേഴ്സിറ്റിയിൽനിന്നും ആരാഞ്ഞിരുന്നു. എങ്കിലും ആയത് ലഭ്യമാകാത്ത സാഹചര്യത്തിൽ എം.ജി യൂണിവേഴ്സിറ്റിയിലെ ഒരു വിദഗ്ധനെ ഉൾപ്പെടുത്തി മൂന്നംഗ കമ്മിറ്റി രൂപീകരിക്കുകയും എം.ജി യൂണിവേഴ്സിറ്റി ഒരു വിദഗ്ധനെ നിയമിക്കുകയും ചെയ്തിരുന്നു. തുടർന്ന് മൈസൂർ യൂണിവേഴ്സിറ്റി സന്ദർശിക്കുന്നതിനുള്ള ഫണ്ട് ലഭിക്കാനുണ്ടായ കാലതാമസം മൂലം സന്ദർശനം വൈകിയതിനാൽ പ്രൊപ്പോസൽ യഥാസമയം സർക്കാരിൽ ലഭിച്ചിരുന്നില്ല. എന്നാൽ ജോയിന്റ് ഫുഡ്സേഫ്റ്റി കമ്മീഷണറെ (അഡ്മിനിസ്ട്രേഷൻ & ലീഗൽ) പ്രത്യേകമായി ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ടി ഓഫീസർ മൈസൂർ യൂണിവേഴ്സിറ്റി സന്ദർശിക്കുകയും അനുബന്ധരേഖകൾ ശേഖരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കോഴ്സ് അംഗീകരിക്കു ന്നതിനുള്ള പ്രൊപ്പോസൽ 18/08/2017 ൽ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ